"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - LID&EW - ജീവനക്കാര്യം - ശുചിത്വമിഷന് കീഴിൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ എഞ്ചിനീയറിങ് വിഭാഗത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധിക ചുമതല നൽകി - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2129/2024/LSGD തീയതി,തിരുവനന്തപുരം, 07-11-2024

---

പരാമർശം:-
1. ശുചിത്വമിഷന് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.06.2024-ലെ 3713/C3/2024/SM നമ്പർ കത്ത്.
2. തസ്വഭവ ചീഫ് എഞ്ചിനീയറുടെ 21.08.2024-ലെ LSGD/PD/27453/2024-DB5 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടന്നുവരുന്ന മാലിന്യ നിർമാർജ്ജന യജ്ഞത്തിന്റെ ഭാഗമായി മുഴുവൻ സ്ഥാപനങ്ങളിലും നിരവധി പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ശുചിത്വ മിഷൻ അടക്കമുള്ള ഏജൻസികളും, സർക്കാർ സംവിധാനങ്ങളും ഏകോപിപ്പിച്ചു കൊണ്ടുള്ള കുറ്റമറ്റ പ്രവർത്തനം ഇവയുടെ സമ്പൂർണ്ണ വിജയത്തിന് അനിവാര്യമാണ്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പോരായ്മ പരിഹരിക്കുന്നതിനായി ഒരു മേൽനോട്ട സംവിധാനം ഉണ്ടാവണമെന്ന് സൂചിപ്പിച്ച് പരാമർശം(1) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രപ്പോസൽ സമർപ്പിച്ചിരിക്കുന്നു

ജില്ലാതല സാങ്കേതിക സമിതികളെ സഹായിക്കുന്നതിനും, അവയുമായി ചേർന്ന് മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനും, ജില്ലാ ശുചിത്വ മിഷനുകളിൽ മതിയായ ജീവനക്കാരില്ലാത്തതിനാൽ ജില്ലാ ശുചിത്വ മിഷനിൽ ഒരു ജില്ലാതല സംവിധാനം നിലവിൽ വരുന്നതുവരെ, ജില്ലാസാങ്കേതിക സമിതിയുമായി ചേർന്ന് മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനും, ആ ജില്ലയിലെ ലോക്കൽ ബോഡികളെ സാങ്കേതികമായി സഹായിക്കുന്നതിനുമുള്ള അധിക ചുമതല തദ്ദേശ സ്വയംഭരണ എൻജിനീയറിങ് വിഭാഗത്തിലെ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകണമെന്നുമാണ് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിർദ്ദേശം.

ജില്ലാ തലത്തിൽ മാലിന്യ സംസ്കരണ പദ്ധതികളുടെ മേൽനോട്ടം നടത്തുന്നതിന് സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ നിയമിക്കേണ്ടത് അനിവാര്യമാണെന്നും ശുചിത്വ മിഷനുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളിലെ മാലിന്യ സംസ്കരണ പ്രൊജക്ടുകൾക്ക് സാങ്കേതിക സഹായം നൽകുന്നതിന് ഇത് സഹായകമാകുമെന്നും, ഇതിനായി അധിക ചുമതല വഹിക്കുന്നതിനു സന്നദ്ധത അറിയിച്ച് മുന്നോട്ട് വന്ന ഉദ്യോഗസ്ഥരുടെ പട്ടിക ഉള്ളടക്കം ചെയ്തുകൊണ്ട് പരാമർശം(2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ പരാമർശ രൂപത്തിലുള്ള ഒരു താത്കാലിക ക്രമീകരണം സംസ്ഥാനത്തെ മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിന് അനിവാര്യമാണെന്ന് സർക്കാർ കാണുന്നു. മേൽ സാഹചര്യത്തിൽ ശുചിത്വ മിഷന്റെ കീഴിൽ ഒരു ജില്ലാതല സംവിധാനം നിലവിൽ വരുന്നത് വരെ ജില്ലാസാങ്കേതിക സമിതിയുമായി ചേർന്ന് മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനും ആ ജില്ലയിലെ ലോക്കൽ ബോഡികളെ സാങ്കേതികമായി സഹായിക്കുന്നതിനുമുള്ള അധിക ചുമതല, മേൽ ജോലി ചെയ്യാൻ സന്നദ്ധത അറിയിച്ച് മുന്നോട്ട് വന്നിട്ടുള്ള, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിങ് വിഭാഗത്തിലെ ചുവടെ ചേർത്തിരിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി ഉത്തരവാകുന്നു.

| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ [പെൻ നമ്പർ] | നിലവിൽ ജോലി ചെയ്യുന്ന സ്റ്റേഷൻ | അധിക ചുമതല നൽകിയിരിക്കുന്ന ജില്ല |
|---|---|---|
| ശ്രീ.ബെൻസിലാൽ .S.D [689757] | RKI,തിരുവനന്തപുരം | തിരുവനന്തപുരം |
| ശ്രീമതി.സബിത.S [501053] | PIU PMGSY, കൊല്ലം | കൊല്ലം |
| ശ്രീ.അനൂപ് രാജ്.P.R [689380] | പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് | പത്തനംതിട്ട |
| | | |

| | | |
|---|---|---|
| ശ്രീമതി.രശ്മി.R [422072] | വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | ആലപ്പുഴ |
| ശ്രീ.ജിപ്സൺ ജോസ് [613982] | ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | കോട്ടയം |
| ശ്രീമതി.ദീപ.T.R [480272] | ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | ഇടുക്കി |
| ശ്രീമതി.ഹസ്നമോൾ.M.U [281283] | RKI,EKM | എറണാകുളം |
| ശ്രീമതി.നയന ജോസ്.C [678324] | തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് | തൃശ്ശൂർ |
| ശ്രീ.അഭിലാഷ് കൃഷ്ണൻ [510555] | പാലക്കാട് ജില്ലാപഞ്ചായത്ത് | പാലക്കാട് |
| ശ്രീമതി.ധന്യ.T.V [670999] | തിരൂർ മുനിസിപ്പാലിറ്റി | മലപ്പുറം |
| ശ്രീ.സൂരജ്.P.G [440113] | പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | കോഴിക്കോട് |
| ശ്രീമതി.കവിത.K [699662] | സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് | വയനാട് |
| ശ്രീ.അരുൺ.V [686170] | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | കണ്ണൂർ |
| ശ്രീ.ഉമേഷ്.N [599299] | പരപ്പ ബ്ലോക്ക് പഞ്ചായത്ത് | കാസറഗോഡ് |

2024-ലെ ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കേന്ദ്ര ഇലക്ഷൻ കമ്മീഷൻ പ്രഖ്യാപിച്ച മാതൃകാപെരുമാറ്റച്ചട്ടം നിലനിൽക്കുന്ന തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ മാതൃകാപെരുമാറ്റച്ചട്ടം അവസാനിക്കുന്ന മുറയ്ക്ക് മാത്രം ഈ ഉത്തരവ് പ്രാബല്യത്തിൽ വരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് ) തൃശ്ശൂർ.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷന്, തിരുവനന്തപുരം.
5. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
6. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
7. തദ്ദേശ സ്വയംഭരണ(ഡബ്ല്യു.എം) വകുപ്പ്.
8. തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്.
9. വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്.
10. കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 07-11-2024 17:20:12